അനന്തപുരി

www.keralakaumudi.com www.facebook.com/keralakaumudi

സിറ്റികൗമുദിയിൽ

- അശരണരുടെ അത്താണിയായിരുന്ന സുശീലാമ്മ ഇനി ഓർമ്മ മാത്രം
- രോഗികൾക്ക് ഭക്ഷണവുമായി നഗരസഭയെത്തുന്നു
- ആറ്റുകാൽ;പാർക്കിംഗ് ഇവിടെയാകാം

കോലത്തുകരയിൽ തിരുവാതിര പൂജ

കളത്തൂർ: ശ്രീനാരായണ ഗുരുദേവൻ രണ്ടാമത് ശിവപ്രതിഷ്ഠ നടത്തിയ കളത്തൂർ കോലത്തുകര ശിവ ക്ഷേത്രത്തിലെ പ്രതിമാസ തിരുവാതിര പൂജ ക്ഷേത്രം മേൽശാന്തി ജി. സഞ്ജിത്ത് ദയാനന്ദന്റെ മുഖ്യകാർമികത്വത്തിൽ ഇന്ന് നടക്കുമെന്ന് ക്ഷേത്ര സമാജം സെക്രട്ടറി എസ്. സതീഷ്ബാബു അറിയിച്ചു.

പൊങ്കാലയിടാൻ സൗകര്യം

തിരുവനന്തപുരം: പട്ടം ആദർശ് നഗർ പരിസരത്ത് ഭക്തർക്ക് ആറ്റുകാൽ പൊങ്കാലയർപ്പിക്കാൻ ചെല്ലം സ്റ്റോഴ്സിന്റെ നേതൃത്വത്തിൽ പ്രത്യേക സൗകര്യമൊരുക്കുമെന്ന് കൺവീനർ എസ്. ദിലീപ് കുമാർ അറിയിച്ചു.

വൈദ്യുതി മുടങ്ങും

തിരുവനന്തപുരം : കാട്ടാക്കട 110 കെ.വി സബ്സ്റ്റേഷനിൽ നിന്നും തിരുമല സബ്സ്റ്റേഷനിലേക്കുള്ള 110 കെ.വി ലൈനിലെ പഴകിയ എർത്ത് വയർ മാറ്റി പുതിയത് സ്ഥാപിക്കുന്നതിനാൽ 17ന് രാവിലെ 8 മുതൽ വൈകിട്ട് 5 വരെ തിരുമല സബ് സ്റ്റേഷൻ, പേയാട്, കരമന 33 കെ.വി സബ് സ്റ്റേഷൻ 66 കെ.വി പവർ ഹൗസ്, 66 കെ.വി ജി.ഐ.എസ് എൽ.എ കോംപ്ലക്സ് എന്നീ സബ്സ്റ്റേഷനുകളിൽ ഭാഗികമായും കാട്ടാക്കട ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലെ കിള്ളി, കോട്ടപ്പുറം, മിനി എസ്റ്റേറ്റ് എന്നീ ഭാഗങ്ങളിലും മലയിൻകീഴ് ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ വരുന്ന പൊട്ടൻകാവ്, അന്തിയൂർക്കോണം, മേപ്പൂക്കട, മൂങ്ങോട് എന്നീ ഭാഗങ്ങളിലും പൂർണമോ ഭാഗികമോ ആയി വൈദ്യുതി വിതരണത്തിൽ തടസപ്പെടും.

തിരുവനന്തപുരം: അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ കഴക്കൂട്ടം വൈദ്യുതി സെക്ഷനിലെ ആറ്റിൻകുഴി, കല്ലുപാലം, കാപാലീശ്വരം അമ്പലം, ടയോട്ട, നാലുമുക്ക്, പല്ലാട്ട്കരി, മേനംകുളം മേൽപ്പാലം കുളത്തൂർ സെക്ഷനിലെ കോലത്തുംകര, കുളത്തൂർ എന്നീ ട്രാൻസ്ഫോർമറുകളുടെ പരിധിയിലും പേരൂർക്കട സെക്ഷനിലെ ഇന്ദിരാനഗർ ട്രാൻസ്ഫോർമറിന്റെ പരിധിയിലും ഇന്ന് രാവിലെ 9.30 മുതൽ വൈകിട്ട് 5.30 വരെ വൈദ്യുതി മുടങ്ങും.

നാഷണൽ സീനിയർ സിറ്റിസൺസ് മൂവ്മെന്റ്

തിരുവനന്തപുരം : നാഷണൽ സീനിയർ സിറ്റിസൺസ് മൂവ്മെന്റ് വാർഷിക സമ്മേളനം ഇന്ന് രാവിലെ 10 ന് പാർക്ക് രാജധാനി ആഡിറ്റോറിയത്തിൽ നടക്കും.മുൻ ചീഫ് സെക്രട്ടറി കെ.ജയകുമാർ ഉദ്ഘാടനം ചെയ്യും.പ്രസിഡന്റ് ഡോ .എം. എ.കരീമിന്റെ അദ്ധ്യക്ഷതയിൽ സി.പി എബ്രഹാം,ഡോ .പി. ജി ബാലഗോപാൽ,ഇ. എച്ച്. ജോൺസ്,കെ.കൃഷ്ണപിള്ള,പി. ജി.ഉണ്ണിത്താൻ പി.കെ.അമ്മുക്കുട്ടി എന്നിവർ സംസാരിക്കും.

പണപ്പിരിവിൽ വഞ്ചിതരാകരുത്

തിരുവനന്തപുരം: ആറ്റുകാൽ ഉത്സവത്തിന്റെ പേരിൽ കോൺഗ്രസുകാരെന്ന വ്യാജേന പണപ്പിരിവ് നടത്തുന്നതിനെതിരെ കോൺഗ്രസ് (ഐ) അമ്പലത്തറ മണ്ഡലം കമ്മിറ്റി പ്രസ്താവനയിറക്കി.ഇത്തരക്കാരുമായി സംഘടനയ്ക്ക് യാതൊരു ബന്ധവുമില്ലെന്ന് അമ്പലത്തറ മണ്ഡലം കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് കെ.അച്ചുതൻ നായർ അറിയിച്ചു.

പോത്തൻകോട് കാവിൽ ദേവീക്ഷേത്രം

പോത്തൻകോട്: കാവിൽ ദേവീക്ഷേത്രത്തിലെ പ്രതിഷ്ഠാവാർഷികമഹോത്സവം 16, 17 തീയതികളിൽ നടക്കും. ഇന്ന് രാവിലെ 6ന് മഹാഗണപതിഹോമം, 9ന് ഭഗവത്ഗീത പാരായണം, 11ന് നാഗർ പൂജ, 7ന് ഭജന, 8ന് കുങ്കുമാഭിഷേകം. 8ന് ദേവീ മാഹാത്മ്യ പാരായണം. 9ന് സമൂഹ പൊങ്കാല, 10.30ന് കലശപൂജ. ഉച്ചയ്ക്ക് 1ന് അന്നദാനം. വൈകിട്ട് 7ന് താലപ്പൊലി, വിളക്ക്, കുത്തിയോട്ടം. രാത്രി 8ന് ഭഗവതി സേവ. 10 ന് ആകാശ ദീപക്കാഴ്ച.

മിസ് ട്രാവൻകൂർ 2019

തിരുവനന്തപുരം: ക്യാസ്റ്റാലിയ ഇവന്റ്സ് ആൻഡ് മീഡിയയും ബെല്ലസിയോ തിരുവനന്തപുരവും ഹാഷ്ടാക് മീഡിയയും സംയുക്തമായി സംഘടിപ്പിക്കുന്ന മിസ് ട്രാവൻകൂർ ഫൈനൽ മത്സരം നാളെ മസ്കറ്റ് ഹോട്ടലിൽ നടക്കുമെന്ന് ക്യാസ്റ്റാലിയ ഡയറക്ടർ ജിഷ്ണു ചന്ദ്രൻ വാർത്താസമ്മേളനത്തിൽ അറിയിച്ചു. വൈകിട്ട് 4നാണ് മത്സരം ആരംഭിക്കുക. വിവിധ ഘട്ടങ്ങളിൽ നിന്നായി തിരഞ്ഞെടുക്കപ്പെട്ട 30 ഓളം മത്സരാർത്ഥികളാണ് ഗ്രാൻഡ്ഫിനാലെയിൽമാറ്റുരയ്ക്കുന്നത്. വേദിയിൽ തന്നെ കുട്ടികൾക്കുള്ള കിഡ്സ് ഫാഷൻ ഷോയും ട്രാൻസ്ജെൻഡേഴ്സ്അണിനിരക്കുന്ന ഫാഷൻഷോയും അരങ്ങേറും. വാർത്താസമ്മേളനത്തിൽ ക്യാസ്റ്റാലിയ ഡയറക്ടർ ഷെബിനും പങ്കെടുത്തു.

വെക്കേഷൻ ക്ലാസുകൾ

തിരുവനന്തപുരം : കേശവദാസപുരം എൻ.എസ്.എസ് അക്കാഡമിയിൽ സിവിൽ സർവീസ് ഉൾപ്പെടെയുള്ള മത്സരപരീക്ഷൾക്ക് സജ്ജരാകാൻ ഹൈസ്കൂൾ, ഹയർസെക്കൻഡറി വിദ്യാർത്ഥികൾക്ക് വെക്കേഷൻ ക്ലാസുകൾ സംഘടിപ്പിക്കുന്നു. ഏപ്രിൽ 10മുതൽ മേയ് 11വരെയാണ് ക്ലാസുകൾ. വിശദവിരങ്ങൾക്ക്. ഫോൺ : 9847096934, 9995055249, 0471-2540200.

1986 - 87 എസ്.എസ്.സി ബാച്ചിന്റെ 'ഒരുവട്ടം കൂടി' കൂട്ടായ്മ നാളെ

കോവളം: വെങ്ങാനൂർ ബോയ്സ് ഹൈസ്കൂളിലെ 1986-87 എസ്.എസ്.സി ബാച്ചിന്റെ കൂട്ടായ്മ സംഘടിപ്പിക്കുന്ന ഒരുവട്ടം കൂടി എന്ന പരിപാടി നാളെ വെങ്ങാനൂരിൽ നടക്കും. രാവിലെ 8ന് ബാച്ചിലെ വിദ്യാർത്ഥി, വീരമൃത്യുവരിച്ച കാർഗിൽ ധീരയോദ്ധാവ് ക്യാപ്ടൻ ജെറി പ്രേരാജിന്റെ ശവകുടീരത്തിൽ പുഷ്പാർച്ചനയും വന്ദേമാതര ആലാപനവും നടക്കും. 10 ന് അശ്വതി തിരുനാൾ ഗൗരി ലക്ഷ്മീബായി വിഴിഞ്ഞം അശ്വതി ആഡിറ്റോറിയത്തിൽ ആഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്യും. ആഘോഷകമ്മിറ്റി പ്രസിഡന്റ് ഡോ. ബൈജു ശശിധരൻ അദ്ധ്യക്ഷനായിരിക്കും. ഹാസ്യ സാഹിത്യകാരൻ സുകുമാർ മുഖ്യ പ്രഭാഷണം നടത്തും. പ്രോഗ്രാം കൺവീനർ സുനിൽ പനങ്ങോട് സ്വാഗതം പറയും. ആഘോഷ കമ്മിറ്റി സെക്രട്ടറി എഡിസൺ റോച്ച് റിപ്പോർട്ട് അവതരിപ്പിക്കും. തുടർന്ന് 'ജെറിയുടെ ഓർമ്മയിലൂടെ ഒരു യാത്ര' ഡോക്യുമെന്ററി പ്രദർശനം, ഗുരുവന്ദനം, അനുമോദനം, ചികിത്സാ സഹായവിതരണം, വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചവർക്കുള്ള പുരസ്കാര വിതരണം എന്നിവ നടക്കും. ഉച്ചയ്ക്ക് 2ന് ബാച്ചിലെ കുടുംബാംഗങ്ങൾ സംഘടിപ്പിക്കുന്ന കലാപരിപാടികളും അരങ്ങേറും.

മോഷണക്കേസ് പ്രതികൾ അറസ്റ്റിൽ

തിരുവനന്തപുരം: വട്ടിയൂർക്കാവ് കല്ലമല ജംഗ്ഷനിൽ കാറിലിരുന്ന് ഉറങ്ങുകയായിരുന്ന ശ്രീധരൻ എന്നയാളിന്റെ കഴുത്തിൽ കിടന്ന പതിനൊന്നേകാൽ പവൻ വരുന്ന സ്വർണമാല മോഷ്ടിച്ച കേസിലെ മൂന്ന് പ്രതികളെയും വട്ടിയൂർക്കാവ് പൊലീസ് പിടികൂടി.

തമിഴ്നാട്ടിലെദിണ്ടിഗൽ, തിരുപ്പൂർ എന്നിവിടങ്ങളിൽ ഒളിവിൽ കഴിഞ്ഞിരുന്ന രണ്ടും മൂന്നും പ്രതികളായ തമിഴ്നാട്സിൽക്കവാർപെട്ടിസ്വദേശികളായ ഗഞ്ചാവ് രാജേഷ് എന്ന രാജേഷ്, കളത്ത രാജൻ എന്ന രാംരാജ് എന്നിവരെ തമിഴ്നാട്ടിലെ നിലക്കോട്ടൈ, കാങ്കയം എന്നിവിടങ്ങളിൽ നിന്നാണ് അറസ്റ്റ് ചെയ്തത്. കേസിലെ ഒന്നാം പ്രതിയായ വട്ടിയൂർക്കാവ് വാഴോട്ടുകോണം എം.എസ് ഹൗസിൽ നിഷാദിനെ നേരത്തെ അറസ്റ്റ് ചെയ്തിരുന്നു. നിഷാദ് മോഷ്ടിച്ച സ്വർണമാല രാജേഷിന്റെകൈവശംകൊടുത്തുവിട്ട് രാംരാജ് മുഖേനയാണ് കാങ്കയത്തുള്ള ഒരു സ്വർണകടയിൽ വിറ്റത്. മോഷണമുതൽ പൊലീസ്കണ്ടെടുത്തു.

ജില്ലാ പൊലീസ് മേധാവി എസ്.സുരേന്ദ്രന്റെ നിർദ്ദേശപ്രകാരം ഡി.സി.പി ആദിത്യ, എ.സി.പി ദിനരാജ് എന്നിവരുടെ നേതൃത്വത്തിൽ വട്ടിയൂർക്കാവ് എസ്.ഐ സാജു.എസ്, എസ്.സി.പി.ഒമാരായ ഷൗക്കത്ത്, ശ്രീകുമാർ, സി.പി.ഒ അരുൺ എന്നിവരാണ് പ്രതികളെ പിടികൂടിയത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ്ചെയ്തു.

മോഷണ കേസിൽ അറസ്റ്റിലായ പ്രതികൾ

കാശ്മീരിലെ പുൽവാമയിൽ വീരമൃത്യു വരിച്ച ജവാന്മാർക്ക് പാളയം രക്തസാക്ഷി മണ്ഡപത്തിൽ ആദരാഞ്ജലികൾ അർപ്പിക്കുന്ന സുരേഷ്ഗോപി എം.പി, മുൻ ഇന്ത്യൻ അംബാസഡർ ടി.പി. ശ്രീനിവാസൻ, ബി.ജെ.പി ജില്ലാ പ്രസിഡന്റ് എസ്. സുരേഷ്, സംസ്ഥാന വൈസ് പ്രസിഡന്റ് എൻ. ശിവരാജൻ, മേനകാ സുരേഷ്, ജലജ തുടങ്ങിയവർ. ബി.ജെ.പി ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിലാണ് പരിപാടി സംഘടിപ്പിച്ചത്

ചെല്ലമംഗലം ദേവീക്ഷേത്രത്തിലെ തൃക്കൊടിയേറ്റ് മഹോത്സവത്തോടനുബന്ധിച്ച് ഇന്നലെ നടന്ന സമൂഹ പൊങ്കാലയ്ക്ക് മുന്നോടിയായി ക്ഷേത്ര തന്ത്രി ബ്രഹ്മശ്രീ ദേവനാരായണൻ പോറ്റി പണ്ടാര അടുപ്പിലേക്ക് തീ പകർന്നപ്പോൾ. ഗണേശൻ പോറ്റി, മേൽശാന്തി വടക്കൻ പറവൂർ ഷിജു ശാന്തി, ചെല്ലമംഗലം ദേവീക്ഷേത്ര ട്രസ്റ്റ് പ്രസിഡന്റ് ജി. സോമദത്തൻ, സെക്രട്ടറി അജിത്ത് ബി. മേടവിള, ആർ. സുരേന്ദ്രൻ, പി. അനിൽകുമാർ, എസ്. സുരേഷ്, പി. ബിജുകുമാർ, ജി. കൃഷ്ണൻ വട്ടവിള, ഉത്സവ കമ്മിറ്റി കൺവീനർ പി. മനോജ്, പി. സുരേഷ്കുമാർ തുടങ്ങിയവർ സമീപം

യാത്രഅയപ്പ് യോഗം

തിരുവനന്തപുരം: കെ. ജി. ഒ. യു സംസ്ഥാന പ്രസിഡന്റ് എസ്. അജയൻ, സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം ഡി. പ്രവീൺകുമാർ എന്നിവർക്ക് കെ. ജി. ഒ. യു ജില്ലാകമ്മിറ്റി യാത്രഅയപ്പ് നൽകി. ഭാഗ്യമാല ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങ് കെ. മുരളീധരൻ എം. എൽ.എ ഉദ്ഘാടനം ചെയ്തു. കെ. ജി. ഒ. യു ജില്ലാ പ്രസിഡന്റ് ഡോ. ടി. രാധാകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ വി. എസ്. ശിവകുമാർ എം.എൽ.എ ഉപഹാരസമർപ്പണം നടത്തി. എം. വിൻസെന്റ് എം.എൽ.എ മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന ജനറൽ സെക്രട്ടറി കെ. വിമലൻ, ട്രഷറർ ടി. എ. പത്മകുമാർ, സെക്രട്ടറി സുബ്രഹ്മണ്യൻ, ജില്ലാ സെക്രട്ടറി എസ്. സുനിൽകുമാർ, വൈസ് പ്രസിഡന്റ് ഡോ. മനോജ് ജോൺസൺ എന്നിവർ സംസാരിച്ചു.

വിദ്യാർത്ഥിക്കുനേരെ ലൈംഗിക അതിക്രമം: ബന്ധു അറസ്റ്റിൽ

പോത്തൻകോട്: പതിനൊന്നുകാരിക്കുനേരെ ലൈംഗിക അതിക്രമം നടത്തിയ ബന്ധുവിനെ മണ്ണന്തല പൊലീസ് അറസ്റ്റ് ചെയ്തു. ഉള്ളൂർ നീരാഴി ലെയിൻ ഹൗസ് നമ്പർ 108-ൽ കൃഷ്ണകുമാറിനെയാണ് (49) ചൈൽഡ് ലൈൻ പ്രവർത്തകരുടെ പരാതിയിൽ അറസ്റ്റ് ചെയ്തത്. ഇയാൾ ആംബുലൻസ് ഡ്രൈവറാണ്. കുട്ടിയുടെ വീട്ടിൽ വച്ചാണ് ഇയാൾ പീഡിപ്പിച്ചത്.

കുട്ടിയുടെ പെരുമാറ്റത്തിൽ സംശയം തോന്നിയ സ്കൂൾ അധികൃതർ വിവരം തിരക്കിയപ്പോഴാണ് സംഭവം പുറത്തറിഞ്ഞത്. തുടർന്ന് ചൈൽഡ് ലൈൻ പ്രവർത്തകരെ വിവരമറിയിച്ചു. പ്രതിയെ ഇന്ന് കോടതിയിൽ ഹാജരാക്കുമെന്ന് മണ്ണന്തല എസ്.ഐ രാകേഷ് അറിയിച്ചു.

എൻ.ജി.ഒ യൂണിയൻ നോർത്ത് ജില്ലാ സമ്മേളനം

തിരുവനന്തപുരം: കേരള എൻ.ജി.ഒ യൂണിയൻ തിരുവനന്തപുരം നോർത്ത് ജില്ലയുടെ 56മത് വാർഷിക സമ്മേളനം വർക്കല ശിവഗിരി എൻ.എസ്.എസ് സ്കൂൾ ഓഡിറ്റോറിയത്തിൽ ഇന്നാരംഭിക്കും. സി.എഫ്.ടി.യു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്യും.

എഫ്.എസ്.ഇ.ടി.ഒ ജില്ലാ പ്രസിഡന്റ് എ. നജീബ്, കോൺഫെഡറേഷൻ ഒഫ് സെൻട്രൽ গവ. എംപ്ലോയീസ് ജില്ലാ സെക്രട്ടറി എസ്. അശോക് കുമാർ തുടങ്ങിയവർ പങ്കെടുക്കും. നാളെ ഉച്ചയ്ക്ക് നടക്കുന്ന സെമിനാർ എ. സമ്പത്ത് എം.പി ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ 'നവലിബറൽ നയങ്ങളെപ്രതിരോധിക്കുന്നതിൽ നവോത്ഥാന മൂല്യങ്ങളുടെ അനിവാര്യത' എന്ന വിഷയത്തിൽ പി.എം ആതിര പ്രഭാഷണം നടത്തും.

സൗജന്യ ആരോഗ്യ പാചക ക്ലാസ്

തിരുവനന്തപുരം : കനകക്കുന്നിൽ നടക്കുന്ന ഇൻർനാഷണൽ ആയുഷ് കോൺക്ലേവിനോടനുബന്ധിച്ച് ജവഹർ ബാലഭവനിൽ ഇന്ന് മുതൽ തിങ്കളാഴ്ച വരെ 11.30, 1.30, 3.00, 4.30 എന്നീ സമയത്ത് 1 മണിക്കൂർ വീതമുള്ള ആയുഷ് കുക്കറി ക്ലാസ് നടത്തുന്നു.ആയുർവേദം, സിദ്ധ, നാച്യുറോപതി തുടങ്ങിയ വൈദ്യശാസ്ത്ര ഗ്രന്ഥങ്ങളിലുള്ള ആരോഗ്യം പ്രദാനം ചെയ്യുന്ന പാചക വിഭവങ്ങൾ ഉണ്ടാക്കാനുള്ള പരിശീലനമാണ് നൽകുന്നത്. പ്രവേശനം സൗജന്യമാണ്. 40 പേർക്കാണ് ഒരു ക്ലാസിൽ പ്രവേശനം നൽകുന്നത്. പങ്കെടുക്കാനാഗ്രഹിക്കുന്നവർ9446247459എന്ന നമ്പരിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഹയർ സെക്കൻഡറി സംരക്ഷണ സമിതിയുടെ സായാഹ്ന ധർണ

തിരുവനന്തപുരം: ഹൈസ്കൂൾ-ഹയർസെക്കൻഡറി ലയനത്തിനെതിരെ ഹയർസെക്കൻഡറി സംരക്ഷണസമിതിയുടെ നേതൃത്വത്തിൽ ഇന്ന് വൈകിട്ട് 4ന് പാളയം രക്തസാക്ഷിമണ്ഡപത്തിൽ സായാഹ്നധർണ നടത്തും. തികച്ചും രാഷ്ട്രീയ ലക്ഷ്യങ്ങൾക്ക് വേണ്ടി നടത്താനുദ്ദേശിക്കുന്ന ലയനം കേരളത്തിന്റെ വിദ്യാഭ്യാസരംഗത്തെ പിന്നോട്ടടിക്കുമെന്നും സമിതി ഭാരവാഹികൾ പ്രസ്താവനയിൽ പറഞ്ഞു.

ലോഗോ പ്രകാശനം

തിരുവനന്തപുരം : ഫോർത്ത് ജനറേഷൻസ് അസോസിയേറ്റ്സ് സമർപ്പിക്കുന്ന വ്യവസായ പ്രതിഭകളുടെ ലോഗോ പ്രകാശനം ഇന്ന് രാവിലെ 11 ന് നടക്കും. ചാക്ക ജംഗ്ഷനിൽ നടക്കുന്ന സംഗമത്തിൽ ഡെപ്യൂട്ടി സ്പീക്കർ വി. ശശി ലോഗോ പ്രകാശനം നിർവഹിക്കും.

എൻ. ഐ യൂണിവേഴ്സിറ്റി പ്രൊഫ. വൈസ് ചാൻസലർ എം.എസ്. ഫൈസൽഖാന്റെ അദ്ധ്യക്ഷതയിൽ നടക്കുന്ന ചടങ്ങിൽ അമേരിക്കയിലെ ആയുർവേദ ശാസ്ത്രജ്ഞൻ ഡോ. മുഹമ്മദ്മജീദ് ലോഗോ സ്വീകരിക്കുന്നു. പൊലീസ് ഇൻസ്പെക്ടർ ജനറൽ ഗോകുലത്ത് ലക്ഷ്മൺ, മുസ്ലിം ലീഗ് നേതാവ് ഹാജി ഡോ. എ. യൂനസ് കുഞ്ഞ്, ഗാന്ധിഭവൻ സെക്രട്ടറി പുനലൂർ സോമരാജൻ എന്നിവർ ആശംസകൾ നേരും.



തിരുവനന്തപുരം എൻജിനിയറിംഗ് കോളേജിലെ വിദ്യാർത്ഥികൾ കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ ഒരുക്കിയ കപ് പെർക്യൂഷൻ. കോളേജിൽ നടന്ന ധ്വനി എന്ന കൾചറൽ ഫെസ്റ്റിന്റെ ഭാഗമായി 2531 വിദ്യാർത്ഥികൾ അണിനിരന്ന നാല് മിനിട്ട് ദൈർഘ്യമുള്ള വീഡിയോ ഏഷ്യൻ ബുക്ക് ഒഫ് റെക്കാഡിൽ ഇടംപിടിച്ചു. 2398 പേർ പങ്കെടുത്ത ചൈനയിലെ റെക്കാഡാണ് സി.ഇ.ടിയിലെ വിദ്യാർത്ഥികൾ തകർത്തത്.

എൽ.ഡി.എഫിന്റെ നേതൃത്വത്തിൽ ആരംഭിച്ച കേരള സംരക്ഷണ യാത്രയ്ക്ക് പേരൂർക്കടയിൽ നൽകിയ സ്വീകരണത്തിൽ സംസാരിക്കുന്ന തെക്കൻ മേഖല ജാഥാ ക്യാപ്ടൻ സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ

ശ്രീനാരായണ ഗുരുവും അയ്യങ്കാളിയും വിഭാവനംചെയ്ത കാര്യങ്ങൾ നടപ്പാക്കുന്നത് പിണറായി സർക്കാർ: കോടിയേരി

വിഴിഞ്ഞം: ശ്രീനാരായണ ഗുരുവും അയ്യങ്കാളിയും വിഭാവനം ചെയ്ത കാര്യങ്ങൾ നടപ്പാക്കുന്നത് പിണറായി സർക്കാരാണെന്ന് സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. എൽ.ഡി.എഫ് നടത്തുന്ന കേരള സംരക്ഷണ യാത്രയ്ക്ക് വിഴിഞ്ഞത്ത് നൽകിയ സ്വീകരണത്തിൽ സംസാരിക്കുകയായിരുന്നു കോടിയേരി.

സാമൂഹ്യനീതി ഉറപ്പുവരുത്താൻ ഗവൺമെന്റ് നടത്തുന്ന ഇടപെടലുകളുടെ ഭാഗമായി ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ ഈഴവരെയും പട്ടികജാതിക്കാരെയും വിശ്വകർമ്മജരെയും പൂജാരിമാരാക്കിയെന്നും അദ്ദേഹം പറഞ്ഞു. സഖാക്കൾ തിരഞ്ഞെടുപ്പ് സർവേ റിപ്പോർട്ടുകൾക്ക് പിന്നാലെ പോയാൽ അടിപതറും. യോഗത്തിൽ ആളുകൂടിയാൽ പോരാ. ജനങ്ങളിലിറങ്ങി പ്രവർത്തിക്കണം. ശബരിമല വിഷയത്തിൽ കലാപാഹ്വാനം ചെയ്ത യു.പി മുഖ്യമന്ത്രി യോഗി ആദിത്യനാഥ് ഇത് കേരളമാണെന്ന് ഓർക്കണമെന്നും കോടിയേരി സൂചിപ്പിച്ചു.

പി. രാജേന്ദ്രകുമാർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജാഥാംഗങ്ങളായ പ്രകാശ് ബാബു, പി. സതീദേവി, വിജിലി ജോസഫ്, രാജൻ മാസ്റ്റർ, ബാബു ഗോപിനാഥ്, ഫാദർ സക്കറിയ, ആന്റണി രാജു, വി. സുരേന്ദ്രൻ പിള്ള, എം. വിജയകുമാർ, വി. ശിവൻകുട്ടി, പി.എം. മാത്യു, കാസിം ഇരിക്കൂർ, പി.എസ്. ഹരികുമാർ, ഡോ. നീലലോഹിതദാസ്, ജമീലാ പ്രകാശം, ജി.ആർ. അനിൽ, വെങ്ങാനൂർ ബ്രൈറ്റ്, ഡോ. വർഗീസ് ജോർജ്, ഫിറോസ് ലാൽ എന്നിവർ പങ്കെടുത്തു.

സീറ്റൊഴിവ്

നെടുമങ്ങാട് : നെടുമങ്ങാട് গവണ്മെന്റ് പോളിടെക്നിക് കോളേജിലെ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ സെല്ലിൽ ബ്യൂട്ടീഷ്യൻ, ടാലി, മൊബൈൽ ഫോൺ ടെക്നീഷ്യൻ,ആട്ടോകാഡ് കോഴ്സുകളിൽ അവേക്ഷ ക്ഷണിച്ചു. ഫോൺ : 9961982403.

കൂടുതൽ പ്രാദേശിക വാർത്തകൾ പേജ് 11

ജനവാസ മേഖലകളിൽ മാലിന്യങ്ങൾ തള്ളുന്നതായി പരാതി

കോവളം: വെള്ളാർ സമുദ്രാബീച്ചിൽ ജനവാസമേഖലകളിൽ മാലിന്യങ്ങൾ തള്ളുന്നത് ആരോഗ്യഭീഷണി ഉയർത്തുന്നു. സംഭവത്തിൽ നഗരസഭ ആരോഗ്യ വകുപ്പ് അധികൃതർക്ക് പരാതി നൽകിയിട്ടും നടപടി ഉണ്ടായില്ലെന്നാണ് നാട്ടുകാരുടെ പരാതി.

സമുദ്ര ജംഗ്ഷനിൽ നിന്നും വട്ടപ്പാറ റോഡിൽ കരമനയാറിനോട് ചേർന്നുള്ള സ്വകാര്യ പുരയിടങ്ങളിലും ആറുകളിലേക്കുമാണ് മാസങ്ങളായി മാലിന്യം തള്ളുന്നത്. ഇവിടെ മാലിന്യങ്ങൾ കുന്നുകൂടിയത് കാരണം പ്രദേശത്ത് ദുർഗന്ധം വമിക്കുകയും മാലിന്യങ്ങളുടെ രൂക്ഷത മൂലം പ്രദേശത്തെ കുണ്ടൽച്ചെടികൾ പൂർണമായി നശിക്കുകയുമാണ്.

പ്ലാസ്റ്റിക് കവറുകൾ കൂട്ടിയിട്ട് കത്തിക്കുന്നത് കാരണം കുട്ടികൾ ഉൾപ്പെടെയുള്ളവർക്ക് ശ്വാസതടസം അനുഭവപ്പെടുന്നതായും പ്രദേശവാസികൾ പറയുന്നു. മാലിന്യങ്ങൾ അഴുകി കൊതുകൾ പെരുകുന്നതിനാൽ ത്വക് രോഗവും ശ്വാസകോശ രോഗവും പകർച്ചവ്യാധികളും മൂലം പലരും ബുദ്ധിമുട്ടുകയാണ്. നഗരസഭ അടിയന്തരമായി ഇടപെട്ട് പ്രശ്ന പരിഹാരം ഉണ്ടാകണമെന്നാണ് നാട്ടുകാരുടെ ആവശ്യം.

ഇന്ത്യൻ ഓവർസീസ് ബാങ്ക് ചീഫ് റീജിയണൽ മാനേജർ ഇ. രാജകുമാർ, യൂണിവേഴ്സൽ സോംപൊ സോണൽ മാനേജർ അനൂപ് ജോർജ്, ഇന്ത്യൻ ഓവർസീസ് ബാങ്ക് ചാത്തന്നൂർ ശാഖാ മാനേജർ രതീഷ് കുമാർ .എസ് എന്നിവർ ചേർന്ന് ഐ.ഒ.ബി സുരക്ഷാ ഇൻഷ്വറൻസ് സ്കീം പ്രകാരം 10 ലക്ഷം രൂപയുടെ ചെക്ക് അന്തരിച്ച സുരേഷ്കുമാറിന്റെ ഭാര്യയ്ക്ക് കൈമാറുന്നു

കഴക്കൂട്ടത്ത് നാലുകിലോ കഞ്ചാവുമായി തമിഴ്നാട് സ്വദേശി പിടിയിൽ

കഴക്കൂട്ടം: ഇൻഫോസിസിന് എതിർവശത്തെ സർവീസ് റോഡിനടുത്തുകൂടി ചില്ലറ വില്പനയ്ക്കായി കടത്തികൊണ്ടുപോയ 4 കിലോ കഞ്ചാവുമായി തമിഴ്നാട്സ്വദേശി പിടിയിൽ. ദിണ്ഡിഗൽ ജില്ലയിലെ നിലക്കോട്ടൈ താലൂക്കിൽ ബടല്ഗ്രണ്ട്ബഥനിയിൽ താമസിക്കുന്ന മുനിയാണ്ടി (25) ആണ് കഴക്കൂട്ടം എക്സൈസിന്റെ പിടിയിലായത്.

കഞ്ചാവ് കടത്തടക്കം നിരവധി ക്രിമിനൽ കേസിലെ പ്രതിയായ മുനിയാണ്ടി തമിഴ്നാട്ടിൽ കഞ്ചാവിന്റെ മൊത്ത വിതരണക്കാരനാണ്.

കേരളത്തിലെ ഇടത്തരം കച്ചവടക്കാരെ സമീപിച്ച് കഞ്ചാവ് വില്പന നടത്തുക പതിവാണെന്ന് എക്സൈസുകാർ പറഞ്ഞു.

കഴക്കൂട്ടം എക്സൈസ് ഇൻസ്പെക്ടർ എ. പ്രദീപ് റാവു, അസി. എക്സൈസ് ഇൻസ്പെക്ടർ ടി. ആർ. മുകേഷ് കുമാർ, പ്രിവന്റീവ് ഓഫീസർമാരായ രാകേഷ്, സന്തോഷ് കുമാർ, സിവിൽ എക്സൈസ് ഓഫീസർമാരായ ജെസീം, ബിനീഷ്, ഷംനാദ്, സുബിൻ, രാജേഷ്, ദീപു, വനിതാ സിവിൽ എക്സൈസ് ഓഫീസർ സിമി, എക്സൈസ് ഡ്രൈവർ സുനിൽ കുമാർ എന്നിവരാണ് റെയിഡിൽ പങ്കെടുത്തത്.

കഴക്കൂട്ടം എക്സൈസ് സംഘത്തി